**File No.LSGD-FM2/65/2021-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് - ജില്ലാ-സംസ്ഥാനതല കേരളോത്സവം 2019 -നടത്തിപ്പിനായി അധികമായി തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1139/2021/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി, 14/06/2021

പരാമർശം:- തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 26/02/2021 ലെ P3/3245/17/TDP നമ്പർ അപേക്ഷ

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെയും ആഭിമുഖ്യത്തിൽ 2019 ഡിസംബർ 13 മുതൽ 16 വരെ പാലോട് വച്ച് നടന്ന ജില്ലാതല കേരളോത്സവത്തിന്റെയും 2019 ഡിസംബർ 23,24,25,26 തീയതികളിലായി തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാനതല കേരളോത്സവത്തിന്റെയും സംഘാടനത്തിനും നടത്തിപ്പിനുമായി ചെലവഴിയ്ക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അനുവദനീയമായിരുന്ന തുക അധികരിച്ച് 75,236/- രൂപ അധികമായി ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകുന്നതിനായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു. .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ-സംസ്ഥാന കേരളോത്സവത്തിന്റെ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും 75,236/-(എഴുപത്തയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) രൂപ അധികമായി ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ജില്ലാ പഞ്ചായത്ത് , തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ